166224

No. of Printed Pages : 6

**FME 08**

Reg. No. : ....................................................

Name : ....................................................

# FIRST YEAR HIGHER SECONDARY
# MODEL EXAMINATION : FEBRUARY - 2019

## PART - II
## MALAYALAM

Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ -***

- *നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.*
- *"കൂൾ ഓഫ് ടൈം" ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.*
- *ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.*
- *നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.*
- *പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാ ഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.*

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക.**

**7x2=14**

1. 'മഞ്ഞിനാൽ ചൂളീടിലും മധുരം ചിരിക്കുന്നു മന്നിടം; നരചൂഴും നമുക്കും ചിരിക്കുക' - ഈ വരികളിലെ ആശയത്തോട് യോജിച്ചു നിൽക്കുന്ന വാക്യങ്ങൾ ഏവ ?

   - വാർദ്ധക്യത്തിന്റെ നിസ്സഹായതയിലും സന്തോഷം കണ്ടെത്തുന്നു
   - വൃദ്ധ ദമ്പതികളുടെ ഒറ്റപ്പെടൽ
   - പ്രകൃതിയുടെ സൗന്ദര്യം മനുഷ്യ ജീവിതവുമായി കൂടിച്ചേരുന്ന അവസ്ഥ
   - വാർദ്ധക്യത്തിലെ ദൈന്യതയെക്കുറിച്ചുള്ള പരാതി

2. 'സന്ദർശന' ത്തിലെ നരക രാത്രി, മരണവേഗം തുടങ്ങിയ പദങ്ങൾ ആവിഷ്കരിക്കുന്ന ഭാവം ഏതൊക്കെയാണ് ?

- തീവ്രവിഷാദം
- വർത്തമാനകാലത്തിന്റെ ക്ലേശം
- പ്രണയത്തിന്റെ നിർവൃതി
- പഴയ കാലത്തോടുള്ള അനിഷ്ടം

3. നില ഏറെക്കാട്ടി നടന്നോരു ശൈഖിനെ
നിലത്തിന്റെ താഴെ നടത്തിച്ചു വച്ചോവർ

- മേൽ സൂചിപ്പിച്ച വരികളുടെ ആശയവുമായി സമാനതയുള്ള വരി ഏതാണെന്ന് എഴുതുക.

- മധ്യേയിങ്ങനെ കാണുന്ന നേരത്ത്
  മത്സരിക്കുന്നതെന്തിനു നാം വൃഥാ.
- കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
  നന്നെന്നു നിരൂപിക്കുമെത്രയും വിരൂപൻമാർ.
- മാളികമുകളേറിയ മന്നന്റെ തോളിൽ
  മാറാപ്പു കേറ്റുന്നതും ഭവാൻ.
- സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
  ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കേണം.

4. 'ഇരുളിൻപിനെ മാറ്റു, മല്ലലിൻ കരുവാകും
കരുവാമതേതിനും'

- ഈ വരികൾ വ്യക്തമാക്കുന്ന ആശയം ഏതൊക്കെയാണ് ?

- അറിവില്ലായ്മ കാരുണ്യത്തെ ഇല്ലാതാക്കും
- കാരുണ്യം ദുഃഖത്തിന് കാരണമാകും
- ഇരുട്ട് കാരുണ്യത്തിന് കാരണമാകും
- അജ്ഞാനം ദുഃഖത്തിന് കാരണമാകും

5. കായലോളംപോലെ നാടോടിപ്പദങ്ങളുടെ ഈണം തുളുമ്പി നിൽക്കുന്ന ഒന്നാണ് കായലരികത്ത് എന്ന ഗാനം.

- ഈ പ്രസ്താവനയ്ക്ക് യോജിക്കുന്ന മാതൃക താഴെ കൊടുക്കുന്നു. മറ്റൊന്നു കണ്ടെത്തി എഴുതുക.

മാതൃക :

കയറു പൊട്ടിയ പമ്പരം

1. ____________________

6. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് 'അനർഘ നിമിഷ'ത്തിന്റെ ആഖ്യാന സവിശേഷതകളായി പരിഗണിക്കാവുന്നവ എടുത്തെഴുതുക.

- പ്രാദേശിക ഭാഷയിലുള്ള രചന
- ആന്തരികാർത്ഥമുള്ള പ്രയോഗങ്ങൾ
- ഹാസ്യരചന
- എഴുത്തുകാരൻ സ്വന്തം അനുഭവങ്ങളെ ആവിഷ്കരിക്കുന്ന രീതി

7. കൈപ്പാട് എന്ന ഡോക്യുമെന്ററിയെ പ്രസക്തമാക്കുന്ന രണ്ട് സവിശേഷതകൾ ഏതെല്ലാം?

- വനനശീകരണത്തിന്റെ വിപത്ത് സൂചിപ്പിക്കുന്നു
- ജലസംരക്ഷണത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുന്നു
- പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന മനുഷ്യജീവിതത്തെ ആവിഷ്കരിക്കുന്നു
- പാരിസ്ഥിതിക പ്രാധാന്യം വ്യക്തമാക്കുന്നു

8. "ആകാശത്തിന്റെ മടിയിൽ നിന്ന് ഞെട്ടറ്റു താഴെ വീണ സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു ആ ബാലനെ കണ്ടാൽ" - ഈ വാക്യം വായനക്കാർക്ക് രസനീയമാകുന്നത് -

- അലങ്കാര കല്പനയിലൂടെയാണ്.
- ഗഹനമായ തത്ത്വചിന്തയിലൂടെയാണ്
- പദങ്ങളുടെ സൗന്ദര്യത്തിലൂടെയാണ്
- സന്ദർഭത്തിനിണങ്ങിയ ഭാവം ഉൾക്കൊള്ളുന്നതിലൂടെയാണ്

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം** **5x4=20**

9. "വെറ്റില തിന്നു ചൊരുക്കിന നേരത്ത്
തെറ്റെന്ന് പൂട്ടുവാൻ ചെന്നേനല്ലോ
കൂലിയായന്നതിന്നമ്മ താൻ നൽകിന
ചേലയും മാലുറ്റു പോകൊല്ലാതെ" (പീലിക്കണ്ണുകൾ)
- ഈ വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ കണ്ടെടുത്ത് വിശദീകരിക്കുക.

10. സ്വയമറിയാതെ ചിരി പടർത്തുന്ന നർമ്മബോധം 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയിൽ കാണുന്നുണ്ടോ? സന്ദർഭം സൂചിപ്പിച്ച് വിശദീകരിക്കുക.

11. കടൽത്തിരയോട് പൊരുതി നിൽക്കുന്ന 'പെരുംപോരാളി'യായി മൽസ്യത്തിനെ കണക്കാക്കാൻ കഴിയുമോ? നിങ്ങളുടെ പ്രതികരണങ്ങൾ എഴുതുക.

12. 'ഒരു കാട്ടിൽ വൃക്ഷമായി ജനിക്കണമെന്ന് സ്വപ്നം കണ്ടിരുന്നു'

(വേരുകൾ നഷ്ടപ്പെടുത്തുന്നവർ)

ലേഖകന്റെ ഈ മനോഭാവത്തിന് കാരണമെന്താവാം? നിരീക്ഷണം എഴുതുക.

13. ഹസ്ന എന്ന അന്ധബാലികയുടെ ജീവിതത്തോടൊപ്പം സാധാരണ മനുഷ്യരുടെ അതിജീവന പ്രതിസന്ധികൾകൂടി അവതരിപ്പിക്കുന്ന ചിത്രമാണ് **'കേൾക്കുന്നുണ്ടോ?'** എന്ന് നിരീക്ഷിക്കാമോ? അഭിപ്രായം വ്യക്തമാക്കുക.

14. 'പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം. മണ്ണുതിന്നുന്നവൻ മണ്ണിരയാകും.' - മണ്ണിര, പുസ്തകപ്പുഴു എന്നീ വാക്കുകളിലൂടെ ലേഖകൻ കവിതയുടെ ധർമത്തെ കുറിച്ചാണോ സൂചിപ്പിക്കുന്നത് ? നിരീക്ഷണം എഴുതുക.

**15 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **4x6=24**

15. ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം

കരുണമാം ജനനാന്തര സാന്ത്വനം (സന്ദർശനം - ബാലചന്ദ്രൻ ചുള്ളിക്കാട്)

'നഗരത്തിലെ പ്രണയം

തടവുകാരൻ

പ്രത്യാശാപൂർവം കഴിക്കുന്ന അവസാനത്തെ വിഷഗുളികയാണ്.

അതിന്റെ രുചി കയ്പ്പോ മധുരമോ എന്ന് അയാൾക്കൊരിക്കലും അറിയാനാകില്ല'

(നഗരത്തിലെ പ്രണയം - സച്ചിദാനന്ദൻ)

'സന്ദർശന'ത്തിലെ പ്രണയസങ്കൽപത്തിൽ നിന്നും വ്യത്യസ്തമായ ഒരാശയമാണോ 'നഗരത്തിലെ പ്രണയ'ത്തിൽ ആവിഷ്കരിക്കുന്നത്? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

16. 'വാക്കുകളുടെ നൃത്തമാണ് കവിത' എന്ന നിരീക്ഷണം ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് യോജിക്കുമോ ? കവിതാസന്ദർഭങ്ങൾ മുൻനിർത്തി വിശദീകരിക്കുക.

17. "പിള്ളേരെ നുള്ളി നാനെന്നങ്ങു ചൊല്ലീട്ടു

പീലി കൊണ്ടെന്നെയടിച്ചാളമ്മ" (പീലിക്കണ്ണുകൾ)

"വീണ്ടുമതാ ആ വിരലുകൾ തന്റെ തലച്ചോറിൽ പുതിയ തരംഗങ്ങൾ സൃഷ്ടിച്ചു കൊണ്ട് സഞ്ചരിക്കുന്നു." (ശസ്ത്രക്രിയ)

-മാതൃത്വത്തിന്റെ സ്നേഹസ്പർശം രണ്ട് കാലഘട്ടങ്ങളിലെ എഴുത്തുകാർ അനുഭവിപ്പിക്കുന്നത് വ്യത്യസ്തമായ രീതികളിലാണോ? താരതമ്യം ചെയ്യുക.

18. കഥാശൈലിയിലും പ്രമേയത്തിലും ഒട്ടേറെ സവിശേഷതകൾ പുലർത്തുന്ന കൃതിയാണ് വാസനാവികൃതി. വിശകലനം ചെയ്യുക.

*സൂചനകൾ : ഉദ്ധരണികളും നാട്ടുഭാഷാപദങ്ങളും സംസ്കൃതപദങ്ങളും കൂടിക്കലരുന്നു നേരിട്ടുള്ള കഥപറച്ചിൽ, നിർമ്മബോധം വർഷങ്ങൾക്കുമുൻപുള്ള കേരളീയ സമൂഹത്തിന്റെ നേർചിത്രം*

19. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ആവേശ തീവ്രതയെ ആവിഷ്കരിക്കാൻ 'അഗ്നിസാക്ഷി' എന്ന നോവലിന് സാധിച്ചിട്ടുണ്ടോ? 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

**താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് 20 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക.** **3x2=6**

അലകടലിലെത്തരംഗ പാളിയെ-
യലങ്കരിക്കുന്ന ചെറു നുരകളേ,
അടിയ്ക്കേഴും മുത്തുമണികളേക്കാളും
എനിക്കു നിങ്ങളെയധികം വാൽസല്യം.
കടലിലേകരായ് വിഷാദ ശീലരായ്
മരുവുന്നു ഘനം കലർന്ന മുത്തുകൾ
ചിരിക്കുവാൻ മാത്രം പഠിച്ച നിങ്ങളോ-
പരസ്പരം പുല്കിപ്പകലിലാടുന്നു.
വിലയും കാതലും വലിപ്പവുമായുർ-
ബലവും നിങ്ങൾക്ക് കുറയുമെങ്കിലും
പിറക്കുമ്പോൾ മുതൽ മരിക്കുമ്പോൾ വരെ
ചിരിക്കുവാൻ മാത്രം പഠിച്ച നിങ്ങളാൽ
അലകടലൊരു മനോഹര മുല്ല
മലർവനികയായ് ചമയുന്നില്ലയോ.
അടുത്തു നിങ്ങളെയറിഞ്ഞിട്ടല്ലയോ
കടൽക്കര ചിരി പഠിച്ചതിങ്ങിനെ. (നുരകൾ - വൈലോപ്പിള്ളി)
(മലർവനിക - പൂന്തോട്ടം)

20. നുരകളോട് കവിയ്ക്കുള്ള വാൽസല്യത്തിന് കാരണമെന്ത് ?

21. കടൽ ഒരു മുല്ലമലർവനികയായി മാറുന്നതെങ്ങനെ ?

22. ഈ കവിത നിങ്ങൾക്ക് നൽകുന്ന ജീവിതപാഠം എന്ത് ?

**23 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **2x8=16**

**23.** 'മറ്റൊരു കലാ വിഭാഗവും ജനപ്രിയ സിനിമയെപ്പോലെ ഇന്ത്യൻ മനസിനെ പ്രതിഫലിപ്പിക്കുന്നില്ല. സിനിമാ ഹാൾ എന്നത് തീർച്ചയായും ഒരു വിനോദോപാധി ആയിരിക്കുമ്പോൾ തന്നെ മാനസിക രോഗാശുപത്രിയും പാർലമെന്റും നിയമ കോടതിയുമാണ്.'

- ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങൾ കണ്ട ജനപ്രിയ സിനിമകളുടെയും 'സിനിമയും സമൂഹവും' എന്ന പാഠഭാഗത്തിന്റേയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

**24.** 'പെൺമയെപ്പറ്റിയുള്ള പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നും പുതിയ ബോധങ്ങളിലേക്കു സംക്രമിക്കുന്നതിന്റെ ആവിഷ്കാരമാണ് 'സംക്രമണം'.'

- ഈ നിരീക്ഷണത്തെ വിലയിരുത്തുക

**25.** 'അധികാരത്തിനെതിരെയുള്ള മനുഷ്യന്റെ കലാപം മറവിയ്ക്കെതിരെയുള്ള കലാപമാണ്.'

- 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധയുടെ ഓർമ്മകളെയും അധികാരത്തിനെതിരെയുള്ള സ്ത്രീയുടെ കലാപമായി കരുതാമോ? - ഉപന്യാസം തയ്യാറാക്കുക.

-o0o-